# Third Evacuation Flight from Wuhan, China

February 27, 2020

## ചൈനയിലെ വുഹാനിൽ നിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കുന്നതിനായുള്ള മൂന്നാമത്തെ വിമാനം

27 ഫെബ്രുവരി 2020

മാസ്കുകൾ, ഗ്ലൗസുകൾ മറ്റു അടിയന്തര വൈദ്യോപകരണങ്ങൾ എന്നിവയുൾപ്പെടെ 15 ടൺ വൈദ്യസഹായം ഇന്ത്യൻ സർക്കാർ 26 ഫെബ്രുവരി 2020 ന് ചൈനയിലേക്ക് നൽകിയിരുന്നു.സഹായവുമായി ഇന്ത്യൻ വ്യോമസേനയുടെ C -17 പ്രത്യേക വിമാനം ഫെബ്രുവരി 26 ന് ചൈനയിലെ വുഹാനിൽ എത്തിച്ചേർന്നിരുന്നു.

ചൈനയിൽ കൊറോണ വൈറസ് (കോവിഡ് 19) പൊട്ടിപുറപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ ചൈനയുടെ അഭ്യർത്ഥന പ്രകാരമാണ് മാസ്കുകളും വൈദ്യോപകരണങ്ങളും എത്തിച്ചത്.ഇന്ത്യയിലെ ജനങ്ങളുടെയും ഇന്ത്യൻ സർക്കാരിന്റെയും ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് 8 ഫെബ്രുവരി 2020 ന് പ്രധാന മന്ത്രി നരേന്ദ്ര മോഡി പ്രസിഡണ്ട് സിൻ ജിൻപിംഗിന് കത്തെഴുതിയിരുന്നു കൂടാതെ ചൈനയ്ക്ക് ആവശ്യമായ സഹായം സമ്മാനമായി വാഗ്ദാനം ചെയ്യുകയും ചെയ്തു.ഈ വൈദ്യ സഹായങ്ങൾ പൊതു ആരോഗ്യ അടിയന്തരാവസ്ഥയായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിട്ടുള്ള, അണുബാധയുടെ വ്യാപനം തടയുന്നതിനുള്ള ചൈനയുടെ ശ്രമങ്ങൾക്ക് സഹായകമായിരിക്കും.

രണ്ടു രാജ്യങ്ങളും നയതന്ത്രബന്ധങ്ങൾ സ്ഥാപിച്ചതിന്റെ 70 ആം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഇന്ന് അയച്ചിരിക്കുന്ന ഈ സഹായങ്ങൾ ഇന്ത്യയിലെ ജനങ്ങളിൽ നിന്ന് ഇന്ത്യൻ ജനത നൽകുന്ന സൗഹാർദത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകം കൂടിയാണ്.

വുഹാനിൽ നിന്നും മടങ്ങിയ IAF വിമാനത്തിൽ 76 ഇന്ത്യക്കാരെയും (ഇന്ത്യക്കാരെ ഒഴിപ്പിക്കുന്ന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനായി വുഹാനിൽ ഉണ്ടായിരുന്ന 3 ഇന്ത്യൻ എംബസി ഉദ്യോഗസ്ഥർ ഉൾപ്പടെ ) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അയൽരാജ്യത്തിന് മുൻഗണന നൽകുന്ന നയം അനുസരിച്ച് അയൽ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് യാത്രചെയ്യുന്നതിന് സഹായം അഭ്യർത്ഥിച്ച 36 വിദേശീയരെയും തിരികെകൊണ്ടു വന്നിരുന്നു.വിദേശീയരിൽ ബംഗ്ലാദേശിൽ നിന്നുള്ള 23 പേരും, ചൈനയിൽ നിന്നുള്ള 6 പേരും മ്യാൻമർ , മാൽദ്വീപുകൾ എന്നിവിടങ്ങളിൽ നിന്നും 2 പേര് വീതവും ദക്ഷിണാഫ്രിക്ക, അമേരിക്ക കൂടാതെ മഡഗാസ്കർ എന്നിവിടങ്ങളിൽ നിന്നും ഓരോരുത്തർ വീതവുമാണ് ഉണ്ടായിരുന്നത്.

ഇന്നത്തേത് കൂടി ഉൾപ്പെടുത്തി മൂന്ന് വിമാനങ്ങൾ ആണ് ക്രമീകരിച്ചിട്ടുള്ളത്. മുൻപുള്ള രണ്ടു വിമാനങ്ങൾ ജനുവരി 31 , ഫെബ്രുവരി 1 എന്നീ തീയതികളിൽ ആയിരുന്നു. ഈ മൂന്നു വിമാനങ്ങളിലുമായി 723 ഇന്ത്യൻ പൗരന്മാരേയും 43 വിദേശീയരേയുമാണ് ചൈനയിലെ വുഹാനിൽ നിന്നും ഒഴിപ്പിച്ചത്.

ന്യൂ ഡൽഹി
27 ഫെബ്രുവരി, 2020

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.